LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് കാർഷിക മൊത്ത വ്യാപാര വിപണി

123 [441] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കാർഷിക മൊത്ത വ്യാപാര വിപണി സ്ഥാപിക്കുന്നതിനു ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഉയർന്ന നഷ്ടപരിഹാരം ലഭിക്കുന്നതിനായി എത്ര കേസുകൾ നിലവിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരം ഇനി എത്ര കേസുകളിൽ വിതരണം ചെയ്യാനുണ്ടെന്നും ആയതിലേക്ക് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(സി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരം അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 50 കേസുകൾ നിലവിലുണ്ടായിരുന്നു.

(ബി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരമായിട്ട് 3 കേസുകളിൽ മുഴുവൻ തുകയും 7 കേസുകളിൽ പലിശ ഇനത്തിൽ ബാക്കി തുകയും വിതരണം ചെയ്യാനുണ്ട്. മുഴുവൻ തുക വിതരണം ചെയ്യാനുള്ള 3 കേസുകളുടെ ആകെ തുക 5,80,673 രൂപയും ബാക്കി തുക വിതരണം ചെയ്യാനുള്ള 7 കേസുകളുടെ ആകെ തുക 42,268 രൂപയും ആണ്.

(സി) കോടതി അനുവദിച്ച ഉയർന്ന നഷ്ടപരിഹാരം അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

"കാർഷിക ലബോറട്ടറികൾ"

124 [442] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സമ്പ്രദായങ്ങൾക്കും ജൈവകൃഷിക്കും ഉതകുന്ന രീതിയിലുള്ള നവീന ലബോറട്ടറികൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ:

(ബി) ഇതിനായി 2004-2005 ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്; എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) ഉണ്ട്. ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) 2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ നടത്തിപ്പിനായി 2401-00-105-86 (പ്ലാൻ) എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കഴക്കൂട്ടത്തെ ഫ്ളോറികൾച്ചർ സെന്റർ

125 [443] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം വെട്ടുറോഡിൽ പ്രവർത്തിച്ചുവരുന്ന ഫ്ളോറികൾച്ചർ സെന്ററിന്റെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാറ്റം നടത്തിയിട്ടുണ്ടോ;

(ബി) ഈ സെന്ററിലുണ്ടായിരുന്ന ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടോ;

(സി) ഈ സെന്ററിന്റെ പ്രവർത്തനം സ്വകാര്യ ഏജൻസികൾക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഇല്ല. ഫ്ളോറികൾച്ചർ ലാബിന്റെ മാനേജ്മെന്റ് ഒരു വർഷക്കാലത്തേയ്ക്ക് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള-യ്ക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്.

"കഴക്കൂട്ടത്ത് പ്രവർത്തിച്ചുവരുന്ന ബയോടെക്നോളജി ലബോറട്ടറി"

126 [444] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പിന്റെകീഴിൽ കഴക്കൂട്ടത്ത് പ്രവർത്തിച്ചുവരുന്ന ബയോടെക്നോളജി ലബോറട്ടറിയുടെ നിർവ്വഹണത്തിനും നാളിതുവരെയുള്ള പ്രവർത്തനത്തിനും എത്ര തുക സർക്കാരിൽ നിന്നും ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥാപനം നാളിതുവരെ ഉണ്ടാക്കിയ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ നിയന്ത്രണം വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിലിന് നൽകുവാൻ സർക്കാർ എന്തെങ്കിലും ധാരണയിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly